53995/18

കേരള സർക്കാർ
പട്ടികവർഗ്ഗ വികസന വകുപ്പ്

# ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്
## അടിമാലി

രണ്ടാം നില, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് ജംഗ്ഷൻ, അടിമാലി, അടിമാലി പി.ഒ
website : www.stdd.kerala.gov.in - ഇ-മെയിൽ : tdoadimali@gmail.com - ഫോൺ & ഫാക്സ് : 04864-224399

നം. : ബി. 499/2018 തീയതി : 04.06.2018

പ്രേഷകൻ

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ,
അടിമാലി

ഗ്രാഹകൻ

ജില്ലാ കളക്ടർ,
ഇടുക്കി

COLLECTORATE
06 JUN 2018
IDUKKI

സർ,

വിഷയം:- പട്ടികവർഗ്ഗ വികസനം - 2017-18 വനാവകാശനിയമം 2006- പള്ളിവാസൽ ആലുവ 66 കെ.വി. ലൈനിന്റെ ശേഷി ഉയർത്തുന്നതിന് വന ഭൂമി വിട്ടു നൽകുന്നത് - സംബന്ധിച്ച്.

സൂചന: - 1. അങ്ങയുടെ ആഫീസിലെ 02.04.2018 ലെ കെ2-769/2018 നം. കത്ത്.
2. അടിമാലി റ്റി.ഇ.ഒ യുടെ 30.05.2018 ലെ എ.ഡി.എൽ 2112/2017 നം. കത്ത്.

****

സൂചന കളിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിയ്ക്കുന്നു. പള്ളിവാസൽ- ആലുവ 66 കെ.വി ലൈനിന്റെ ശേഷി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് 10.05.2018 ന് അടിമാലി ഗ്രാമപഞ്ചായത്തിലെ 5-ാം മൈൽ കുടിയിൽ വച്ച് ഊരുകൂട്ടം ചേരുകയും. ടി ഊരുകൂട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും, ടി പദ്ധതി നടപ്പിലാക്കുന്നതുമൂലം ടി പ്രദേശത്ത് അധിവസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ ആവാസ വ്യവസ്ഥകളെയോ, അവകാശങ്ങളേയോ യാതൊരു വിധത്തിലും ബാധിക്കുകയില്ലായെന്നും അറിയിക്കുകയും ആയത് ഊരുകൂട്ട മിനിട്സിന്റെ 2-ാം തീരുമാനമായി പ്രദേശവാസികൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് റ്റി.ഇ.ഒ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ടി പദ്ധതി നടപ്പിലാക്കുന്നതു മൂലം പട്ടിക വർഗ്ഗക്കാരുടെ ആവാസ വ്യവസ്ഥകളെയോ, അവകാശങ്ങളേയോ യാതൊരു വിധത്തിലും ബാധിക്കുകയില്ലായെന്നും ആയതിനാൽ ടി പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു കൊള്ളുന്നു. ഊരുകൂട്ടത്തിന്റെ മിനിറ്റ്സ് പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

വിശ്വസ്തതയോടെ,

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ

എസ്.എം. 05.06.2018